27 (3480) മെഡിക്കൽ ഇമേജിംഗ് രംഗത്തെ ധാരണാപത്രം

ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഇ.എം. അഗസ്തി :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ ഇമേജിംഗ് രംഗത്തെ ഏതെങ്കിലും പ്രോജക്ടിനു വേണ്ടി സി-ഡിറ്റ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന സ്ഥാപനവുമായി എന്തെങ്കിലും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രോജക്ടിന്റെ വിശദവിവരം നൽകുമോ?

ഉത്തരം

(എ)&(ബി) സി-ഡിറ്റ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന സ്ഥാപനവുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടില്ല. എന്നാൽ കേൾവിശേഷി കുറഞ്ഞ കുട്ടികൾക്ക് സംസാരശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകാൻ കമ്പ്യൂട്ടർ സാങ്കേതികവിദ്യ ഉപയോഗിച്ച് ചില സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനുള്ള ഗവേഷണമാണ് സി-ഡിറ്റ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്), ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മുംബെയ് എന്നിവരുമായി സഹകരിച്ച് ഏറ്റെടുത്തിട്ടുള്ളത്. സംസാരിക്കുമ്പോൾ മുഖഭാവങ്ങൾക്കുണ്ടാകുന്ന ചലനങ്ങൾ മൾട്ടീമീഡിയ സങ്കേതത്തിലൂടെ പുനരാവിഷ്കരിക്കുക എന്നതാണ് പ്രോജക്ടിന്റെ ആദ്യഘട്ടം. അടുത്ത ഘട്ടത്തിൽ വാക്കുകൾ ഉച്ചരിക്കുന്നതിനനുസരിച്ചുള്ള അധരചലനവും കമ്പ്യൂട്ടർ സ്ക്രീനിൽ കാണത്തക്കതരത്തിൽ സംയോജിപ്പിച്ചെടുക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഒരു അദ്ധ്യാപകന്റെ സഹായത്തോടെ കമ്പ്യൂട്ടർ സ്ക്രീനിലെ മുഖഭാവങ്ങളുടെയും അധരത്തിന്റെയും ചലനം നോക്കി സംസാരശേഷിയിൽ പരിശീലനം നേടാൻ ഈ സങ്കേതം കേൾവിശേഷി കുറഞ്ഞ കുട്ടികളെ സഹായിക്കും. ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് രണ്ടു ലക്ഷം രൂപയാണ്. പ്രോജക്ടിന്റെ ആദ്യഘട്ടം 1999 ജൂലൈ മാസത്തിൽ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.

28 (3481) സി-ഡിറ്റിലെ നിയമനം

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിന്റെ രജിസ്ട്രാറെ ആരാണ് നിയമിക്കുന്നത്;

(ബി) സി-ഡിറ്റിന്റെ ഇപ്പോഴത്തെ രജിസ്ട്രാർ ആരാണ്;

(സി) ഇദ്ദേഹത്തെ തൽസ്ഥാനത്തുനിന്ന് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ

(ബി) ശ്രീ. പി.വി. ഉണ്ണികൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly